മുഖേനയാണ് തയാറാക്കേണ്ടത്. പ്രസ്തുത കൺസൾട്ടന്റിന്റെ നിയമനം പൂർത്തിയായിട്ടില്ല. കൺസൾട്ടന്റിനെ നിയമിച്ച് ഡിസൈനും ടെൻഡറുകളും തയാറാക്കിയതിനുശേഷം മാത്രമേ പദ്ധതി ആരംഭിക്കാനാവൂ.

50 (2741) ജലവാഹിനി പദ്ധതി

ശ്രീ. ടി.എം.ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവാഹിനി പദ്ധതി ഏതുവർഷമാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതി അനുസരിച്ചു ആദ്യഘട്ടം എന്നനിലയിൽ എത്ര കുളങ്ങളും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും, ക്രോസ് ബാറുകളും നിർമ്മിച്ചിട്ടുണ്ട്;

(സി) ആദ്യഘട്ടത്തിന്റെ മൊത്തം അടങ്കൽ തുക എത്രയായിരുന്നു; ഇതിൽ ഇ.ഇ.സി.യുടെ സഹായം എത്രയാണ്;

(ഡി) ഈ പ്രോജക്ടിന് 1999 മുതൽ എത്രവർഷത്തേയ്ക്കാണ് കാലാവധി നീട്ടികിട്ടിയത്;

(ഇ) ഈ പദ്ധതിയിൽ താല്കാലിക ജീവനക്കാരെ കരാറടിസ്ഥാനത്തിലോ, മറ്റുവിധത്തിലോ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവരെ തുടർന്നും സർവ്വീസിൽ നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ജലവാഹിനി പദ്ധതി എത്രവർഷം കൂടി തുടരുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) 1994-95 സാമ്പത്തിക വർഷത്തിൽ.

(ബി) ഈ പദ്ധതിയുടെ ആദ്യഘട്ടം എന്നനിലയിൽ 44 കുളങ്ങളും 83 തടയണകളും (വി.സി.ബി) നിർമ്മിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിന്റെ മൊത്തം അടങ്കൽ തുക 42.64 കോടി രൂപയായിരുന്നു. ഇതിൽ ഇ.ഇ.സി. യുടെ സഹായം 33.11 കോടി രൂപയായിരുന്നു.

(ഡി) 1999 - ജനുവരി മുതൽ 2000 - ഡിസംബർവരെയാണ് കാലാവധി നീട്ടികിട്ടിയത്.

(ഇ) ഈ പദ്ധതിയിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അവരെ തുടർന്നും സർവീസിൽ നിലനിർത്തണമോ എന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു 2000-ഡിസംബർവരെ തുടരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

51 (2742) നഗരങ്ങളിലെ വെള്ളപ്പൊക്കം

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. തോമസ് :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി. കോഴിക്കോട് തുടങ്ങിയ നഗരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ നഗരങ്ങളിലെ വെള്ളപ്പൊക്കം തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടാറുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കാൻ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ വെള്ളപ്പൊക്കം തടയുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് എന്തൊക്കെ സഹായങ്ങളാണ് ജലസേചനവകുപ്പ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ടത്ര ജലനിർഗമന മാർഗ്ഗങ്ങൾ ഇല്ലാത്തതും, തോടുകൾ, കനാലുകൾ, ആറുകൾ എന്നിവയിൽ നഗരങ്ങളിലെ മാലിന്യങ്ങൾ മുഖ്യപങ്കും നിക്ഷേപിക്കപ്പെടുന്നതും, എക്കലും മണ്ണും അടിഞ്ഞുകൂടുന്നതും അവയിൽക്കൂടി ജലനിർഗമനം സുഗമമല്ലാതാക്കുന്നു. കൂടാതെ ഇവയ്ക്ക് വേണ്ടത്ര ആഴവും വ്യാപ്തിയും ഇല്ലാത്തതും ഈ നഗരപ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണമാകുന്നു.

(സി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിവാരണത്തിന് തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിവാരണം എന്ന ശീർഷകത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയാറാക്കി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. മറ്റ് രണ്ടു നഗരപ്രദേശങ്ങളിലും "വെള്ളപ്പൊക്ക നിയന്ത്രണം" വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയാണ് പണികൾ ഏറ്റെടുത്ത് നടത്തുന്നത്. നഗരങ്ങളിൽകൂടി ഒഴുകുന്ന തോടുകൾ, കനാലുകൾ എന്നിവയിലെ എക്കലും, മണ്ണും നീക്കം ചെയ്യുക, ഇവയിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലികൾ കെട്ടുക, തോടുകളുടെ പുനരുദ്ധാരണപണികൾ നടത്തുക, ആറുകളുടെ പാർശ്വസംരക്ഷണത്തിനായി കരിങ്കൽഭിത്തികളും ഫ്ളഡ് ബണ്ടുകളും നിർമ്മിക്കുക എന്നിവയാണ് വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലസേചനവകുപ്പ് ചെയ്തുവരുന്നത്.

(ഡി) ഈ വകുപ്പിന്റെ കീഴിൽവരുന്ന പ്രവൃത്തികൾ ഒന്നുംതന്നെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം നഗരസഭ ചില പ്രവൃത്തികൾ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡി.എൽ.ഇ.സി. അംഗീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും അവയുടെ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

52 (2743) നിയമസഭാ കമ്മിറ്റികൾ പരിശോധന നടത്തിയ പ്രോജക്ടുകൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയുടെ ഏതെല്ലാം കമ്മിറ്റികളാണ് എം.വി.ഐ.പി, കുരിയാർകുറ്റി, കാരപ്പാറ, കാരാപ്പുഴ എന്നീ പ്രോജക്ടുകൾ സന്ദർശിച്ചത്;

(ബി) പ്രസ്തുത കമ്മിറ്റികൾ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ മൂന്ന് പദ്ധതിയുടെയും ഹെഡ് വർക്ക്, കനാൽ നിർമ്മാണം എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഇതിൽ എന്തെങ്കിലും പദ്ധതികളുടെ കനാൽ നിർമ്മാണം ആരംഭിച്ചശേഷം വിജിലൻസ് അന്വേഷണത്തിന്റെയോ സാങ്കേതികപ്രശ്നത്തിന്റെ പേരിലോ നിർത്തിവച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി എന്നിവ മൂവാറ്റുപുഴ നദീതട ജലസേചനപദ്ധതിയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കാരാപ്പുഴ ജലസേചന പദ്ധതിയും സന്ദർശിച്ചിരുന്നു.

(ബി) ഇല്ല.

(സി) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ഡാമിന്റെ പണികൾ പൂർത്തിയായി. പദ്ധതിയുടെ മെയിൻ കനാലുകളുടെ പണി 49.449 കിലോമീറ്ററും ബ്രാഞ്ച് കനാലുകളുടെ പണി 15.865 കിലോമീറ്ററും, ഡിസ്ട്രിബ്യൂട്ടറികളുടെ പണി 24.212 കി. മീറ്ററും പൂർത്തിയാക്കിയിട്ടുണ്ട്. 10.596 കിലോമീറ്റർ മെയിൻ കനാലിന്റെയും 28.485 കിലോമീറ്റർ ബ്രാഞ്ച് കനാലിന്റെയും 71.702 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറിയുടേയും പണികൾ പുരോഗമിച്ചുവരുന്നു. കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുടെ കനാൽ നിർമ്മാണം സംസ്ഥാന വിജിലൻസ് അന്വേഷണംമൂലം നിർത്തിവച്ചിരിക്കുകയാണ്. മൂലത്തറ റഗുലേറ്ററിന്റെ ഉയരം കൂട്ടുന്ന പ്രവർത്തനവും ഇതിനോടനുബന്ധിച്ച് നീക്കിവച്ചു. കാരാപ്പുഴ ജലസേചനപദ്ധതിയുടെ ഹെഡ്വർക്സിലെ എർത്ത് ഡാമിന്റെ പണി പൂർത്തിയായി. സ്പിൽവേയുടെ പണി 97% പൂർത്തിയായി. റേഡിയൽ ഗേറ്റ്, ട്രാഷ് റാക്ക്, മറ്റ് ഗേറ്റുകൾ തുടങ്ങിയ മെക്കാനിക്കൽ വിഭാഗത്തിന്റെ ജോലികൾ നടക്കേണ്ടിയിരിക്കുന്നു. ഇടതുകര കനാലിന്റെ ആകെ നീളമായ 16.74 കി. മീറ്ററിൽ 14.06 കിലോമീറ്റർ പണി പൂർത്തിയായി. വലതുകനാലിന്റെ 8.805 കിലോമീറ്ററിൽ 7.165 കി. മീറ്റർ പണി പൂർത്തിയായിട്ടുണ്ട്. ബ്രാഞ്ച് കനാലുകളുടെ 48.75 കിലോമീറ്ററിൽ 6.015 കിലോമീറ്ററിന്റെ പണി ഏറ്റെ

LIBRARY ARCHIVES Kerala Legislative Assembly